**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 48** **06-12-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖലയുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ മേഖലയുടെ ശാക്തീകരണം സാധ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | സംസ്ഥാനം കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനായി നിലവിലു ണ്ടായിരുന്ന 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്-2018 നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായ ***കെ- സ്വിഫ്റ്റ്*** നിലവിലുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട -ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമപ്രകാരം ഉള്ള ലൈസൻസുകൾ, സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുള്ള ***സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്*** നിലവിലുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ഒരു കാൾ സെന്ററും പ്രവർത്തിക്കുന്നുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്താൽ വിവിധ പരിശോധനകൾ സുഗമമാക്കുന്നതിന് കെ-സ്വിസ് സംവിധാനവും ലൈസൻസുകൾ, അനുമതികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ജില്ലാ-സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.<br><br>അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനു പുറമേ വ്യവസായ പാർക്കുകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ ഫീഡർ എന്നിങ്ങനെ പുതിയ |

സൗകര്യങ്ങൾ ഒരുക്കി നിക്ഷേപകരെ ആകർഷിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ നിക്ഷേപകരെ ആകർഷിക്കുന്നതിനു വേണ്ടി വ്യക്തികളുടെ ഉടമസ്ഥതയിലുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതിയും നിലവിലുണ്ട്. കേരള സിഡ്കോയുടെ കീഴിലുള്ള വിവിധ ഉത്പന്ന യൂണിറ്റുകളെ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. വ്യവസായ എസ്റ്റേറ്റുകളിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും വ്യവസായ ഷെഡ്ഡുകളും തിരിച്ചെടുത്ത് ഉപയുക്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയുടെ ശാക്തികരണം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.

1.സംരംഭക സഹായ പദ്ധതി

2.നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

3.ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ്

4. പ്രവർത്തനരഹിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ പുനരുജ്ജീവന പദ്ധതി

5.ഒരു കുടുംബം ഒരു സംരംഭം പദ്ധതി(2022-23 സംരംഭക വർഷമായി കൊണ്ടാടുന്നതിന്റെ ഭാഗമായി ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന്റ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതി - ഗുണഭോക്താക്കളിൽ 50% വനിതകളായിരിക്കും)

6. മാനുഫാക്ചറിങ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി.

7. സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും അവയിൽ നിന്ന് ഇടത്തരം സംരഭമായും ഉയർത്തികൊണ്ടു വരുന്നതിനുള്ള പദ്ധതി.

8. സംരംഭങ്ങൾക്ക് അവയുടെ സ്ഥിര മൂലധനത്തിന്റെ 30%(പരമാവധി 100 ലക്ഷം) വരെ നൽകുന്ന കാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി സ്കീം.

9. ബി ടു ബി മീറ്റ്, വാണിജ്യ മിഷൻ, സൂക്ഷ്മ-ചെറുകിട-ഇടത്തരം ഉത്പന്ന സംരംഭങ്ങളുടെ

| | | | |
|---|---|---|---|
| | | | എക്സിബിഷനുകൾ, അഗ്രോ ഫുഡ് ഫെസ്റ്റ്, ക്രാഫ്റ്റ് മേളകൾ എന്നിവ.<br><br>10. ഉത്പന്ന വിപണനത്തിനു വേണ്ടി ഓപ്പൺ നെറ്റ്-വർക്ക് പ്ലാറ്റ്-ഫോം, ജി.ഐ. മാർക്കിങ് പോർട്ടൽ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികളും തുടരുന്നു. |
| (ബി) | സംസ്ഥാനത്ത് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ നിലവിലെ പ്രവർത്തന നിലവാരം വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. 13 ജില്ലാ മിനി വ്യവസായ സഹകരണ സംഘങ്ങളുടെ കീഴിലായി 83 മിനി വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നു. ഇവിടെ 856 വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം സമയബന്ധിതമായി വിലയിരുത്തപ്പെടുന്നുണ്ട്.<br><br>വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് 36 മിനി വ്യവസായ എസ്റ്റേറ്റുകളിലായി 12 വ്യവസായ ഷെഡ്ഡുകൾ വീതം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | അത്തരം സെന്ററുകളിൽ ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലം, കെട്ടിടം എന്നിവ നിലവിലുള്ള കൈവശക്കാരെ ഒഴിവാക്കി പുനർലേലം നടത്താൻ നടപടി സ്വീകരിക്കുമോ; | (സി) | സംരംഭകർക്ക് അനുവദിച്ചതും ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമി, വ്യവസായ ഷെഡ്ഡ് എന്നിവ തിരിച്ചെടുത്ത് പുതിയ സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | അത്തരം സ്ഥാപനങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കി ചെറുകിട വ്യവസായ മേഖലയെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കാമോ? | (ഡി) | മിനി വ്യവസായ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളിലെ പ്രതിനിധികൾ ഉൾപ്പെട്ട ഭരണസമിതിയാണ് എസ്റ്റേറ്റുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്. ഇവിടങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കി ചെറുകിട വ്യവസായ മേഖലയെ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ